വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്) : പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുക ; പ്രവർത്തന പുരോഗതിയെക്കുറിച്ച് കാലാകാലങ്ങളിൽ അവലോകനം നടത്തി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മന്ത്രിക്കും മന്ത്രിസഭക്കും പരിഗണനയ്ക്കായി സമർപ്പിക്കുക, സ്ഥാപനങ്ങളുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ സമുചിതമായ പരിപാടികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, പൊതുമേഖലാസ്ഥാപനങ്ങളിൽ മുതൽമുടക്കുന്നതിനെക്കുറിച്ചും സമാനസ്വഭാവമുള്ളവയെ ഏകീകരിക്കുന്നതിനും നഷ്ടത്തിൽ നടക്കുന്നവയെ ലിക്വിഡേറ്റ് ചെയ്യുന്നതിനും വേണ്ട നടപടികൾ എടുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി "ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്" എന്ന ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം പൊതുവായി അവലോകനം ചെയ്യുന്നതിനുപുറമേ, ചില സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദമായി പഠനം നടത്തി സമർപ്പിച്ച, നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരേരീതിയിൽ പ്രവർത്തനം നടക്കുന്ന ചില കോർപ്പറേഷനുകളെ ഒന്നാക്കി പ്രവർത്തിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. പൊതുമേഖലാസ്ഥാപനങ്ങളിൽ ഉയർന്ന തസ്തികയിലേക്കുള്ള എക്സിക്യൂട്ടീവുകളുടെ നിയമനത്തിനായി ഒരു "പബ്ലിക് എന്റർപ്രൈസസ് റിക്രൂട്ട്മെന്റ് ബോർഡ്" രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : വിദഗ്ദ്ധമായ മാനേജ്മെന്റിനുള്ള ആളുകൾ ഇല്ലാത്തതും പ്രവർത്തന മൂലധനത്തിന്റെ കുറവുമാണ് ഇന്ന് മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലാകുന്നത് എന്ന കാര്യം ഗവൺമെന്റ് മനസിലാക്കിയിട്ടുണ്ടോ, അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ഗവൺമെന്റിന്റെ പരിമിതമായ സാമ്പത്തിക പരിധിയിൽ ഒതുങ്ങി നിന്നുകൊണ്ട് പരമാവധി സഹായിക്കാനുള്ള നടപടികൾ എടുത്തു വരുന്നു.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

അനധികൃത മരംമുറിയ്ക്കൽ

* 245 [266] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള :
,, എ. കെ. പത്മനാഭൻ :
,, സി. കെ.. തങ്കപ്പൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും അനധികൃതമായി മരം മുറിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസുകളാ രജിസ്റ്റർ ചെയ്തു ;

(സി) അനധികൃതമായി നടക്കുന്ന മരം വെട്ട് തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) മുറിച്ച തടി പോലീസ് വാനിൽ കയറ്റി കടത്തിയതായി ഏതെങ്കിലും സംഭവം ഈ വർഷം റിപ്പോർട്ടു ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം എർപ്പെടുത്തിയിട്ടുണ്ടോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ അനധികൃതമായി മരം മുറിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) അനധികൃതമായി നടക്കുന്ന മരംവെട്ട് തടയാൻ ഫോറസ്റ്റ് പ്ലെയിംഗ് സ്ക്വാഡ്, ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവയുടെയും അത്യാവശ്യസന്ദർഭങ്ങളിൽ പോലീസിന്റെയും സേവനം ഉപയോഗിക്കുന്നുണ്ട്.

(ഡി) ഉണ്ട്. 10-9-1986-ൽ പത്തനാപുരം റേഞ്ചിൽ നിന്നും അനധികൃതമായി തേക്കുതടി കടത്തുവാൻ ഉപയോഗിച്ച പോലീസ് വാൻ കസ്റ്റഡിയിൽ എടുക്കുകയും നടപടി എടുത്തശേഷം ജാമ്യത്തിൽ വിട്ടുകൊടുത്തതായും റിപ്പോർട്ടു ലഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻറ് ചെയ്തിട്ടുമുണ്ട്.

(ഇ) അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ട്. വനം വകുപ്പിൽ നിന്നും പോലീസ് വകുപ്പിൽ നിന്നും അന്വേഷണം നടത്തിവരുന്നു.

കാട്ടു തീ മൂലം നശിച്ചു കൊണ്ടിരിക്കുന്ന വനം

* 246 [267] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. സീതിഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടു തീ മൂലം ശരാശരി പ്രതിവർഷം എത്ര ഹെക്ടർ വനം നശിച്ചുകൊണ്ടിരിക്കുന്നു ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കാട്ടു തീ മൂലം എത്ര ഹെക്ടർ സ്ഥലത്തെ വനം നശിച്ചു ;

(സി) തൻ മൂലം ഉണ്ടായ നഷ്ടമെന്ത് ;

(ഡി) കാട്ടു തീ ഫലപ്രദമായി തടയുന്നതിന് ഗവൺമെൻറ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly